# കൈത്തിരി



# Editorial Committee

## Patron

Rupesh.v.k

H.M – G.H.S.S.Mullaringad

## Editorial Board

Editer in Cheaf :Sheela.E.V

Staf Editorial :Niza.Muhammed

Student Editors :Meenakshi.R,
Abhiram.P,B,
Binu.Mathew

# ഇതളുകൾ

**പള്ളിക്കൂടം മുറ്റത്തെ തണൽ വൃക്ഷം**

**അമ്മു കണ്ട ദുരന്തം**

**തീവണ്ടി**

**കതിരു കാണാക്കിളി**

**ഒറ്റപ്പെടൽ**

**അച്ഛൻ പറഞ്ഞ കഥകൾ**

**IF I COULD FLY**

**ആഗോളതാപനം**

**MY DREAM**

**ലിയോ ടോൾസ്റ്റോയി**

# ആശംസ

പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പാക്കി വരുന്ന ഐ.റ്റി അധിഷ്ഠിത വിദ്യാഭ്യാസപദ്ധതിയായ ലിറ്റിൽ കൈറ്റിനും അതിന്റെ ഭാഗമായി കുട്ടികളുടെ സർഗാത്മ കഴിവുകളുടെ ശേഖരമായ കൈത്തിരി എന്ന ഡിജിറ്റൽ മാഗസിനും എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.



H.M

ജി.എച്ച്.എസ്.എസ്.മുള്ളരിങ്ങാട്

രൂപേഷ്.വി.കെ

# ആശംസ



ലിറ്റിൽ കൈറ്റ്സ് എന്ന ഐറ്റി ക്ലബ്ബ് ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷം. ലിറ്റിൽ കൈറ്റ്സ് എന്ന പരിപാടി വിദ്യാലയങ്ങളിലൂടെ നടപ്പിലാക്കുമ്പോൾ എട്ടാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് കമ്പ്യൂട്ടറിനെക്കുറിച്ച് കൂടുതൽ പഠിക്കാൻ കഴിയുന്നു. കൂടാതെ കമ്പ്യൂട്ടറിന്റെ അനന്തസാധ്യതകളെ ഉപയോഗപ്പെടുത്തുവാനും കഴിയുന്നു. ആയതിനാൽ വിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതിക്കും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർക്കും ഈ മാഗസിനും എല്ലാവിധ വിജയവും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവം,

ജെയിംസ് ജോർജ്

Govt.H.S.S.മുള്ളരിങ്ങാട്

# ആമുഖം

1957 ൽ മുള്ളരിങ്ങാട് മലയോര നിവാസികളുടെ സ്വപ്നസാക്ഷത്കാരമായി ഈ കലാലയത്തിന് തുടക്കമിട്ടു.ഹരിജൻ വെൽഫയർ സ്കൂൾ എന്ന പേരിൽ ആയിരുന്നു തുടക്കം.1983 ൽ ആദ്യ എസ്.എസ് എൽ.സി ബാച്ച് പുറത്തിറങ്ങുകയും ചെയ്തു. കുട്ടികൾക്കാവശ്യമായ വായനശാല,കമ്പ്യൂട്ടർ ശാസ്ത്ര ലാബുകൾ,ഹൈടെക് ക്ലാസ്മുറികൾ തുടങ്ങിയവയെല്ലാം ഇന്നീവിദ്യാലയത്തിലുണ്ട്. ഉന്നതമായ വിജയപാരമ്പര്യമുള്ള ഈ വിദ്യാലയം ഇന്ന് നൂറുമേനി തിളക്കത്തിലാണ്.

കുട്ടികളിൽ ക്ഷമയുടെയും സ്നേഹത്തിന്റെയും തിരിയിട്ടു കത്തിക്കുവാനും അവർക്കുള്ളിലെ അന്തർലീനമായ അപൂർവകഴിവുകളെ കണ്ടറിഞ്ഞ് മികവുറ്റതാക്കുന്നതിനും നമ്മുടെ അധ്യാപകർ ശ്രമിക്കുന്നു. പഠനനിലവാരത്തിനുവേണ്ടി ഇരുപതോളം കമ്പ്യൂട്ടറുകൾ നമ്മുടെ വിദ്യാലയത്തിലുണ്ട്. കൂടാതെ കുട്ടികളുടെ കഴിവ് വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി,വിദ്യാരംഭം,സയൻസ് ക്ലബ്ബുകൾ,പരിസ്ഥിതി ക്ലബ്ബുകൾ,സ്പോർട്സ് ക്ലബ്ബുകൾ,ആർട്സ് ക്ലബ്ബുകൾ തുടങ്ങി ധാരാളം ക്ലബ്ബുകൾ ഇപ്പോൾ നമ്മുടെ വിദ്യാലയത്തിലുണ്ട്.
ഹരിതഭംഗിയിൽ വശ്യമനോഹരമായ മുള്ളരിങ്ങാട് എന്ന പ്രദേശത്ത് അറിവിന്റെ വെളിച്ചം ഈ കലാലയം ഇന്നും തൂകിക്കൊണ്ടിരിക്കുന്നു.

## പള്ളിക്കൂടം മുറ്റത്തെ

## തണൽവൃക്ഷം



വളരെനാളുകൾ  വിദ്യാലയത്തിന്റെ
പരിസരത്തു  വിളങ്ങിനവൃക്ഷമേ
വളരുകയല്ലയോ  നിന്റെ ശരിരവും
ഇവിടെവന്നു പഠിച്ച നിൻ തണലിൽ
കളിച്ചുവളർന്നവർ ഞങ്ങൾ,
അറിവു നൽകിയ നിൻ തണൽ
അനുകരിക്കട്ടെ നിന്നെവൻവൃക്ഷമേ...
അറികനീയുമൊരദ്യാപകൻ,
പടർന്നുപന്തലിച്ച നിൻ ശിഖര-
ങ്ങളൊക്കെയും,നന്മനിറഞ്ഞങ്ങു
ഹരിതാഭമായിരിക്കുന്നു.
തണലു നൽകി നീ വീശുന്നു ശാന്തമായി
പൂവണിയുന്നു ഓരോ നിറങ്ങളാൽ,
പുതിയ വർഷപ്പുലരിയിൽകുട്ടികൾ
പുതിയ വസ്ത്രം ധരിച്ചവന്നെത്തവേ...
അവരെയും നിന്റെ പൂക്കളായിക്കണ്ടു നീ,
അറിവു നൽകീടുന്നു പിന്നെയും.
നന്മനിറഞ്ഞിതാ സ്നേഹവും നൽകി
അക്ഷരജ്ഞികളാക്കുന്നു നീ വീണ്ടും.
ഒരുമ നിന്നിലും കണ്ടു പഠിച്ച്,
പരന്ന നന്മചെയ്യൊക്കെയും അവർ
വീണ്ടും ഉരുവിട്ടിരിക്കുന്നു...
നീയുമൊരദ്യാപകൻ.

പൂജ.രാജേന്ദ്രൻ

s.t.d:VII

# അമ്മു കണ്ട ദുരന്തം



കുട്ടനാട് എന്ന സ്ഥലത്താണ് അമ്മു എന്ന കുട്ടിയുടെ വീട്. അമ്മു നാലാം ക്ലാസ് വിദ്യാർഥിയാണ്. കായലിന്റെ ഇടയിലാണ് അമ്മുവിന്റെ വീട്. അവളുടെ വീട്ടിൽ അച്ഛനും അമ്മയും അനിയനും ഉണ്ട്. അവൾ എന്നും ആ കായലിന്റെ അരികിൽ പോയി ഇരിക്കാറുണ്ട്. അവിടെയിരുന്ന് അവൾ എന്നും ഓർക്കാറുണ്ട് ,ഈ കായൽ എന്റെ വീട്ടുമുറ്റത്ത് വന്നിരുന്നെങ്കിൽ എന്ന്. ഒരു ദിവസം കുറച്ച് നേരം ആ വിഷയവുമായി ബന്ധപ്പെട്ട് അവൾ പ്രാർഥിച്ച് കിടന്നു.

പിറ്റേന്ന് രാവിലെ അവളെഴുന്നേറ്റത് വലിയ ഒരു ബഹളം കേട്ടാണ്. ചുറ്റും നൊക്കിയപ്പോൾ അവളുടെ വീടിന്റെ മുക്കാൽ ഭാഗത്തോളം വെള്ളം കയറിയിരിക്കുന്നു. തന്റെ ആഗ്രഹം സാധിച്ചു എന്ന് അമ്മു സന്തോഷച്ചു. എങ്കിലും ഒരു വലിയ ദു:ഖം അമ്മുവിനെ കാത്തിരുന്നു. അമ്മു നോക്കിയപ്പോൾ ചുറ്റും വെള്ളം, അവൾ മാത്രം ആ വെള്ളത്തിൽ കിടക്കുന്നു. അച്ഛനെയൊ അമ്മയെയോ അനിയനയോ അവളവിടെ കണ്ടില്ല. പെട്ടെന്ന് എവിടെനിന്നോ ഒരു കൈ വന്ന് അമ്മുവിനെ പൊക്കിയെടുത്തു. ആ വെള്ളം ഒന്ന് ഇറങ്ങാൻ ആഴ്ച്ചകളെടുത്തു. അവൾ വീട്ടിൽ ചെന്നപ്പോൾ വെള്ളം കയറി ചെളി നിറഞ്ഞ് ആ വീട് ആകെ വൃത്തിഹീനമായി കിടന്നു. അടുത്തുള്ള ആളുകൾ ചേർന്ന് ആ വീട് വൃത്തിയാക്കി.പക്ഷെ അവളുടെ ബന്ധുക്കളെ മാത്രം കിട്ടിയില്ല. അവൾ ആകെ തളർന്നുപോയി.

ഒടുവിൽ നാട്ടുകാർ ആ കുട്ടിയെ ഏറ്റെടുത്തു. അവളുടെ പഠനം തുടങ്ങി. പഠിച്ച് പഠിച്ച് ആ നാചട്ടിലെ ഓമനയായി അമ്മു മാറി. ആ നാടിന്റെ ദത്ത്പുത്രി ഒടുവിൽ ആലപ്പുഴ ജില്ലയുടെ കളക്ടറായി മാറി.ഒരിക്കൽ ആ മകളെ തേടി അവളുടെ കുടുംബം എത്തി. പിന്നീടവർ സന്തോഷമായി ജീവിച്ചു.

അക്സ.ജോയി

S.t.d:VIII

# തീവണ്ടി



കണ്ണൊന്ന് ചിമ്മി തുറക്കുന്നതിൻ മുമ്പ്
എത്തുന്ന നാം ലക്ഷ്യസ്ഥാനത്ത്
ഹാ; മഹാത്ഭുതം ഇത്രയും,
വേഗമോ ഈ യാത്രയ്ക്ക്
ഇരുന്ന് തളരാതെ നിന്ന് കുഴയാതെ
എത്തിടുന്നു അതിവേഗം...
ചീറ്റപ്പുലിതൻ വേഗത്തിലധികമൊ
ഈ തീവണ്ടിയാത്ര...
കാറ്റൊ അതിവേഗം തട്ടിപ്പതി-
ക്കുന്നെൻ മുടിയിഴകളെ...
എത്ര മനോഹരമാം കാഴ്ച്ചകൾ
പെട്ടെന്നകലുന്നെൻ മുന്നിൽ നിന്ന്...
തമിഴനും സായിപ്പും മലയാളിയും
ഇതാ...കേറിയിറങ്ങിനടന്നകലുന്നു...
കർണപടങ്ങളെ കുർപ്പിച്ച-
നിർത്തുനൊരൊച്ചയും ഇതാ...
കളിയാടിടുന്നു...കളിയാടിടുന്നു...
പൊട്ടിച്ചിരിക്കാനും കഥപറയാനുമൊക്കെ-
വിടെയിരിക്കുന്നു സമയമീയാത്രയിൽ...
പോകുന്ന വഴിനീളെ പുഴകളും,
മലകളും,തോടിൻവരമ്പുകളും
പാറിയകന്നീടുന്നു...
പാമ്പുകണക്കെ നീണ്ടിരിക്കുന്നൊരി
തീവണ്ടിയിൽ കയറാൻ,
എന്തുരസം...എന്തുരസം...
ഹാ;തീവണ്ടിയേ നിൻ വേഗം...
ആസ്വദിച്ചീടുന്നു ഞാൻ.

മീനാക്ഷി.ആർ

S.t.d:IX

## കതിരു കാണാക്കിളി

കിഴക്കേ ചക്രവാളത്തിൽ സൂര്യന്റെ ആദ്യകിരണങ്ങൾ വെള്ളവിരിച്ചു.കതിര് കാണാക്കിളി മെല്ലെ കണ്ണു ചിമ്മി എഴുന്നേറ്റു.ഇന്ന് എനിക്ക് നെൽക്കതിര് കിട്ടിയേ മതിയാവൂ.കുഞ്ഞിച്ചിറക് വിരിച്ച് അവൾ ദൂരേക്ക് പറക്കാൻ തുടങ്ങി. ഓ...എന്തൊരുദാഹം,വെള്ളം പോലും കുടിക്കാനില്ല.പുഴകൾ എല്ലാം വറ്റിവരണ്ട് കിടക്കുന്നു.കൊക്കുകൾ എല്ലാം ചത്തുപോയോ,എന്നൊരു സംശയം.അവൾ സൂക്ഷിച്ച് നോക്കി.



എന്റെ ദൈവമേ...ഇത് എന്താ ഈ കാണുന്നത്;വെള്ളഷിമ്മിക്കുടിൽ വേസ്റ്റ്കെട്ടി പുഴയിലേക്ക് എറിഞ്ഞിരിക്കുന്നു.ഇതു നോക്കിയിരുന്നപ്പോഴാണ് കതിരുകാണാക്കിളിയുടെ അടുത്ത് ഒരു തത്ത വന്നിരുന്നത്.തത്ത ചോദിച്ചു ,നീ ആരാണ്? നിന്റെ പേര് എന്താണ്. ഞാൻ കതിരുകാണാക്കിളി,ഞാൻ കതിരു തേടിയാണ് വന്നത്.എന്ത്...നീ നെല്ല് കണ്ടിട്ടില്ലേ. ഞാൻ പണ്ട് നല്ല കൊയിത്ത്കാരിയായിരുന്നു.ഇപ്പോൾ കുഞ്ഞുങ്ങൾക്ക് കൊടുക്കാൻ വെള്ളം പോലും ഇല്ല. ഇപ്പോൾ കുറെ റബറും റബർപ്പാലും ഉണ്ട്. കുട്ടികൾക്ക് പശുവിൻപാല് പോലും വിശ്വസിച്ച് കൊടുക്കാൻ പറ്റില്ല. പശുവിന് പുല്ലിന് പകരം കാലിത്തീറ്റയാണെന്ന് പറഞ്ഞ് എന്തൊക്കെയാ കൊടുക്കണത്. അധികം പാൽ കിട്ടാൻ വേണ്ടി ആ പാവങ്ങൾക്ക് കൊടുക്കാത്തതായി ഒന്നുമില്ല. ആകെപ്പാടെ ഇവിടെ കുറച്ച് റബർപ്പാലുണ്ട്. ഈ നാട് ആകെ നശിച്ചു കഴിഞ്ഞു. ഇനി നമ്മൾ വേറെയെവിടേക്കെങ്കിലും പോകേണ്ടിവരും.
ഇത് കേട്ടപ്പോഴേക്കും കതിരുകാണാക്കിളി കണ്ണീരൊഴുക്കി ദൂരേക്ക് പറന്നുപോയി...

പാർവ്വതി.പി.ജെ.

S.t.d:VI

# ഒറ്റപ്പെടൽ



ഒറ്റപ്പെടലിന്റെ ആടൽ പറഞ്ഞറിയിക്കാൻ
പറ്റാത്ത നോവിൻ ഞാനമെൻ നിഴലും മാത്രമായി
സൗഹൃതം തകരുമ്പോൾ എന്നിടനെഞ്ചുവിങ്ങുന്നതറിയുന്ന
ഞാൻ ഒറ്റപ്പെടലിന്റെ വാതായനത്തിൽ
ഒരുസ്നേഹ സ്പർശത്തിനായെൻ മനം തുടിച്ചു
ഹർഷപൂരിതമായെൻ മിത്രങ്ങൾ
സൗഹൃദം പങ്കിടുമ്പോൾ...
വ്യസനിക്കുന്നെൻ ഹൃദയത്തെ സാന്ത്വ-
നിപ്പിക്കുവാനേറെ പണിപ്പെട്ടു ഞാൻ.
അനാഥരം ബാല്യങ്ങൾ പോലെ,
അവാച്യമെൻ ദു:ഖത്തിൻ വേനലിൻ ഹർഷ-
ത്തിനായി ദാഹിക്കുമ്പോൾ പുസ്തകത്താളു-
കളെൻ വഴികാട്ടികൾ.
അറിവിൻ നിറകുടങ്ങളാം അവരെൻ-
പ്രിയ മിത്രങ്ങൾ...
പകരം വയ്ക്കാനിലാത്ത
എൻ പ്രിയ സുഹൃത്തുക്കൾ

അർച്ചനാ.കെ.സി

S.t.d:VII

# ആസ്വാദനക്കുറിപ്പ്



## അച്ഛൻ പറഞ്ഞ കഥകൾ-

കൃഷ്ണപ്രസാദ്

കൃഷ്ണപ്രസാദ് എന്ന രചയിതാവ് രചിച്ച 'അച്ഛൻ പറഞ്ഞ കഥകൾ' എന്ന
മനോഹരമായ ഒരു പുസ്തകമാണിത്. അച്ഛൻ പറഞ്ഞു കൊടുക്കുന്ന സ്നേഹം ചുരത്തുന്ന
കഥകളാണ് ഈ പുസ്തകത്തിലുള്ളത്. ഈ സമാഹാരത്തിലെ ചില രചനകളിലെ കഥാ-പാത്രങ്ങളെപ്പോലെ പുതിയകാലത്തെ മക്കൾ സ്വത്തും പണവും മാത്രമായിരിക്കും അച്ഛ-നമ്മമാരിൽ നിന്നും പ്രതീക്ഷിക്കുക. നിധിയൊളിഞ്ഞിരിക്കുന്നിടം എന്ന രചനയിൽ നിന്നും നമുക്ക് ഇത് മനസിലാക്കാം.

ഇതിലെ കഥാപാത്രമായ കുമരന്റെ കുഴിമടിയമ്മാരായ മക്കൾ തങ്ങളുടെ പറമ്പിൽ നിധി ഉണ്ടെന്ന് അറിഞ്ഞപ്പോൾ മണ്ണിൽ പണിയെടുക്കാനായി ഇറ-ങ്ങുന്നു. പണം കിട്ടുമെന്നറിഞ്ഞാൽ ഏത് പണിക്കും പോകുന്ന മനുഷ്യന്റെ മോശം കാഴ്ച്ച-പ്പാടുകളെയാണ് ഇവിടെ വ്യക്തമാക്കുന്നത്.

അച്ഛനമ്മമാർ ഈ കഥകൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നത് അവർ നല്ല കാര്യങ്ങൾ ശീലിക്കാനാണ്. അങ്ങനെയുള്ള അച്ഛൻ പറഞ്ഞു നൽകുന്ന നല്ല-നല്ല പാഠങ്ങൾ അടങ്ങുന്ന ഒരു പുസ്തകമാണിത്.

സേതുലക്ഷ്മി.പി.സ്

S.t.d:X

# IF I COULD FLY



If I could fly, I would fly over the tree
I would fly over the school
When it is raining
If I could fly I would fly over the sea
If I could fly I would fly so up in the sky
If I could fly I would fly and touch the sun
I would give the sun a kiss.
If I had wings, I would fly through the sky
I would play with the parrot's
I would play with the butterfly's
I would play with the crows
I would play with the aeroplanes
I would fly with all the birds.

Keerthana.m.k
S.t.d:IV

# MY DREAM



When I was sleeping I saw a dream.
A beautiful bird, she had blue wings
She spoke to me ,
What a good sound! Bird said
You are beautiful ,she sang a song.
I liked it very much and,
I slept more time.

Avani.Bineesh

S.t.d:IV

## ആഗോളതാപനം



ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മനുഷ്യർ അഭിമുഖീകരിക്കാൻ പോകുന്ന പ്രധാന

വിപത്താണ് ആഗോളതാപനം. ഹരിതഗൃഹവാതകങ്ങളുടെ ഫലമായി അന്തരീക്ഷ-

ഊഷ്മാവ് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രക്രിയയാണ് ആഗോളതാ-

പനം. ഇരുപതാം നൂറ്റാണ്ടിൽ ഹരിതഗൃഹവാതകങ്ങളുടെ അളവിലുണ്ടായ ക്രമാതീ-

തമായ വർധനവ് അന്തരീക്ഷത്തിന്റെ ശരാശരി താപനിലയിൽ 0.4 ഡിഗ്രി സെൽ-ഷ്യസ് വർധനവുണ്ടായതായി പഠനങ്ങൾ തെളിയിക്കുന്നു. ആഗോളതാപനം ഭൂമയി-ലെ ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാണ് . ധ്രുവപ്രദേശങ്ങളിലെ മഞ്ഞു-രുകുന്നതിലൂടെ സമുദ്രജലനിരപ്പുയരുന്നതിനും , സസ്യജന്തുജാലങ്ങളുടെ ആവാസ-വ്യവസ്ഥയുടെ നാശത്തിലേക്കും ഇത് വഴിതെളിയിക്കും. ഹരിതഗൃഹ വാതകങ്ങളുടെ അളവ് നിയന്ത്രിക്കുന്നതിലൂടെ മാത്രമേ ആഗോളതാപനത്തെ ചെറുക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ. വർദ്ധിച്ചു വരുന്ന ഫാക്ടറികൾ ,വാഹനങ്ങൾ, ഫോസിൽ ഇന്ധന-ങ്ങളുടെ ഉപയോഗം എന്നിവ ഹരിതഗൃഹവാതകങ്ങളുടെ അളവിൽ വർദ്ധനവുണ്ടാകുന്നു. കീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗം മണ്ണും വെള്ളവും വായുവുമെല്ലാം മലിനീകരിക്കുന്നു. മരങ്ങൾ വെട്ടിനശിപ്പിക്കുന്നതും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോ-ഗവും ആഗോളതാപനത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾ ലോകത്തെമ്പാടുമുള്ള ആളുകൾ വെള്ളപ്പൊക്കത്തിന്റെയും വരൾ-ച്ചയുടെയും രൂപത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതിയോടുള്ള മനുഷ്യന്റെ

സമീപനത്തിൽ മാറ്റം വരുത്തുകയും ഹരിതഗൃഹവാതകങ്ങളുടെയും അളവ് കുറയ്ക്കുകയും ചെയ്താൽ മാത്രമേ ആഗോളതാപനത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. അതാണ് ആഗോളതാപനത്തിനുള്ള ഏറ്റവും നല്ല പരിഹാരം.ഇനിമുതൽ നമുക്കും നമ്മുടെ പരിസരത്ത് മരങ്ങൾ നട്ടുപിടിപ്പിക്കാൻ പരിശ്രമിക്കാം.

അനഘ.എം

s.t.d:VIII

വായനാക്കുറിപ്പ്

## കുട്ടിക്കാലം

### ലിയോ ടോൾസ്റ്റോയി



ഞാൻ വായിച്ചത് ലിയോ ടോൾസ്റ്റോയി എഴുതിയ കുട്ടിക്കാലം എന്ന കഥയാണ്.

ലിയോ ടോൾസ്റ്റോയ് എന്ന വിശ്വപ്രസിദ്ധ എഴുത്തുകാരന്റെ ബാല്യകാല അനുഭ-വങ്ങളാണിതിലിൽ. ഈ പുസ്തകത്തിലെ അമ്മ എന്ന കഥയാണ് ഞാൻ വായിച്ച-ത്. ഈ കഥയിൽ തന്റെ അമ്മയ്ക്ക് തന്നോടുള്ള സ്നേഹവും പരിപാലനവും ലിയോ-ടോൾസ്റ്റോയി നന്നായി വിവരിക്കുന്നു. അമ്മയിൽ നിന്നും ജീവിതത്തിലെ പല ഭാഗങ്ങളും പഠിക്കാൻ സാധിക്കും എന്ന് ഈ കഥയിലൂടെ മറ്റുള്ളവർക്ക് കഥാകൃത്ത് പകർന്നു കൊടുക്കുന്നു. ഇതിലെ ഓരോ വരിയും നമ്മുടെ അമ്മയിലേക്ക് നമ്മെ കൂടുതൽ അടിപ്പിക്കുന്നു. എന്തു കാര്യം തന്റെ ജീവിതത്തിൽ നടന്നാലും തന്റെ അമ്മയോടു ചെന്നാണ് കഥാകൃത്ത് ആദ്യം പറയുക. . അമ്മയുടെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന ഒരു നല്ല കഥയാണിത്.

ചിന്നു.സൈമൺ

S.t.d:I X

കൈത്തിരി

കൈത്തിരി

കൈത്തിരി

കൈത്തിരി

കൈത്തിരി

കൈത്തിരി

കൈത്തിരി

കൈത്തിരി

കൈത്തിരി